# നാടോടി ബാലികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ ഒത്തുതീർപ്പിന് ശ്രമിച്ച ബന്ധുക്കളും പ്രതികളാകും

പയ്യന്നൂർ: നാടോടി ബാലികയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ ബന്ധുക്കളും പ്രതികളാകും. കഴിഞ്ഞ പത്തിന് പുലർച്ചെ 1.30 ഓടെ പയ്യന്നൂർ പുതിയ ബസ്സ്റ്റാന്റിനടുത്ത സ്റ്റേഡിയത്തിലെ വാഹന പാർക്കിംഗ് ഷെഡിൽ കിടന്നുറങ്ങുകയായിരുന്ന നാടോടി കുടുംബത്തിലെ ഏഴുവയസുകാരിയെയാണ് തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ചത്. ഈ കേസിൽ പ്രതി പി.ടി. ബേബിരാജിനെ ഇന്നലെ പുലർച്ചെ കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് വെച്ച് അറസ്റ്റ് ചെയ്തിരുന്നു. തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ച ബേബിരാജിനെ പെൺകുട്ടിയുടെ മാതാപിതാക്കൾ പിടികൂടി കൈകാര്യം ചെയ്തിരുന്നു. എന്നാൽ പിന്നീട് കേസ് ഒത്തുതീർപ്പാക്കാൻ ശ്രമം നടത്തി. പയ്യന്നൂരിലെ ഒരു അഭിഭാഷകന്റെ സാന്നിദ്ധ്യത്തിൽ മധ്യസ്ഥ ചർച്ച നടത്തുകയും അരലക്ഷം രൂപയുടെ ചെക്ക് വാങ്ങി സംഭവം ഒതുക്കിത്തീർക്കുകയുമായിരുന്നു. എന്നാൽ ചെക്ക് വണ്ടിച്ചെക്കാണെന്ന് മനസിലായതോടെയാണ് പരാതി നൽകാൻ പെൺകുട്ടിയുടെ കുടുംബം തയ്യാറായത്. പോക്സോ നിയമപ്രകാരം കേസ് ഒതുക്കിത്തീർക്കാൻ ശ്രമിക്കുന്നതും കുറ്റകൃത്യമാണ്. അതിനാലാണ് പെൺകുട്ടിയുടെ ബന്ധുക്കളെ കൂടി കേസിൽ പ്രതിചേർക്കുന്നത്. അഭിഭാഷകനെയും കേസിൽ പ്രതി ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ഭർത്താവിനെതിരെ കേസ്

ആലക്കോട്: കൂടുതൽ സ്ത്രീധനമാവശ്യപ്പെട്ട് യുവതിയെ പീഡിപ്പിച്ചതിന് ഭർത്താവ് നീലേശ്വരം ചായോത്തെ അത്തിപ്പറമ്പിൽ ശിവദാസൻ (34), ഭർതൃബന്ധുക്കളായ പുഷ്പ, ഷീബ എന്നിവർക്കെതിരെ കേസെടുത്തു. കാർത്തികപുരത്തെ ഇളംപുരയിടത്തിൽ രത്നാകരന്റെ മകൾ ശാരി മോളാണ് പരാതി നൽകിയത്.

## ഷമേജ് വധം: എ.എസ്.പിയുടെ നേതൃത്വത്തിൽ മിന്നൽ റെയ്ഡ്

തലശേരി: ആർ.എസ്.എസ് പ്രവർത്തകൻ പെരിങ്ങാടിയിലെ ഷമേജ് വധക്കേസ് പ്രതികൾക്കായി എ.എസ്.പി ചൈത്ര തെരേസ ജോണിന്റെ നേതൃത്വത്തിൽ മിന്നൽ റെയ്ഡ്. ഇന്നലെ രാത്രി 11 മണി മുതൽ പുലർച്ചെ 3 മണി വരെയാണ് ന്യൂമാഹി പ്രിൻസിപ്പൽ എസ്.ഐ പി.കെ.സുമേഷ് ഉൾപ്പെടെയുള്ള സംഘം ന്യൂമാഹി, മാഹി പ്രദേശങ്ങളിൽ റെയ്ഡ് നടത്തിയത്. കഴിഞ്ഞ ദിവസം ബംഗ്ളൂരുവിൽ നിന്ന് ഒരു സി.പി.എം പ്രവർത്തകനെ കസ്റ്റഡിയിലെടുത്തിരുന്നു. ഇയാളെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് റെയ്ഡ് നടത്തിയത്. മൂന്ന് പേരെ കൂടി കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണ്.



തളിപ്പറമ്പിലെ പള്ളിയിൽ ഖുർആൻ പാരായണത്തിൽ ഏർപ്പെട്ട വിശ്വാസി

## പുണ്യങ്ങളുടെ പൂക്കാലമായ റമളാനിനെ വരവേൽക്കാൻ വിശ്വാസികൾ ഒരുങ്ങി

തളിപ്പറമ്പ: പരിശുദ്ധ റമളാനിനെ വരവേൽക്കാൻ വിശ്വാസികളും പള്ളികളും ഭവനങ്ങളും ഒരുങ്ങി. അറബിപദമായ റമളാനിന്റെ മലയാള അർത്ഥം 'കരിച്ചുകളയുക' എന്നാണ്. മനുഷ്യർ പാപികളാണ്. അവരുടെ പാപങ്ങൾ കരിച്ചുകളയാനും സൃഷ്ടാവുമായി കൂടുതൽ അടുക്കാനുമുള്ളതാണ് ഈമാസം. 23 വർഷം കൊണ്ട് പരിശുദ്ധ ഖുർആൻ പൂർണ്ണമായും മനുഷ്യരിലേക്കെത്തിയത് റമളാനിലാണ്. ആയിരം മാസങ്ങളുടെ പുണ്യമുള്ള 'ലൈലത്തുൽഖദർ' എന്ന രാവ് അടങ്ങിയ മാസം, ഇസ്ലാമിക ചരിത്രത്തിലെ തിളങ്ങുന്ന ഏടായ ബദ്ർ യുദ്ധം അരങ്ങേറിയ മാസം അങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത പുണ്യങ്ങളും പ്രത്യേകതകളും ഉള്ള മാസം ആണ് റമളാൻ. സുബ്ഹി ബാങ്കിന് മുമ്പ് തന്നെ അത്താഴം കഴിച്ചുകൊണ്ട് ഒരു മാസം ഒരു വിശ്വാസിയുടെ ദിനം തുടങ്ങും. പകൽ മുഴുവൻ അന്നപാനീയങ്ങൾക്കൊപ്പം ദുഷ്ചിന്തകളും ദുഷ്പ്രവൃത്തികളും വെടിയുന്നു. മഗ്‌രിബ് ബാങ്ക് വിളിക്ക് കാതോർത്ത് കാരക്കയ്ക്കും പലഹാരങ്ങൾക്കും മുമ്പിൽ ഇരിക്കുന്ന അവസാന നിമിഷമാണ് നോമ്പുകാരന്റെ ഏറ്റവും സന്തോഷകരമായ നിമിഷങ്ങളിലൊന്ന്. നോമ്പ് 20 മുതൽ 30 വരെയുള്ള അവസാന പത്ത് ഖുർആൻ പാരായണം ചെയ്തും സൽക്കർമ്മങ്ങളിൽ മുഴുകിയും കഴിച്ചുകൂട്ടേണ്ട ദിവസങ്ങളാണ്. പക്ഷെ പെരുന്നാളിന് വേണ്ടിയുള്ള വസ്ത്രങ്ങൾ തിരയുന്നതിനിടയിൽ പലരും ഇവയിൽ നിന്നൊക്കെ വ്യതിചലിക്കുന്നതും സ്ഥിരം കാഴ്ചയാണ്. നോമ്പുകാർക്ക് മാത്രം സ്വർഗത്തിൽ പ്രവേശിക്കുന്ന കവാടമായ 'റയ്ഹാൻ'. ആ കവാടമാണ് ഓരോ വിശ്വാസിയും കൊതിക്കുന്നത്. അതിനുവേണ്ടിയാണ് ഇനി അവരുടെ പരിശ്രമവും.

## കീഴാറ്റൂർ: പാർട്ടിയിൽ രണ്ട് അഭിപ്രായമില്ല; വാർത്തകൾ അടിസ്ഥാനരഹിതമെന്ന് സി.പി.എം

തളിപ്പറമ്പ: കീഴാറ്റൂർ പ്രശ്നത്തിൽ സി.പി.എമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ലെന്നും ജില്ലാ - ഏരിയ - ലോക്കൽ കമ്മിറ്റികൾ ആലോചിച്ചാണ് എല്ലാ കാര്യങ്ങളും നീക്കുന്നതെന്നും മറിച്ചുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും സി.പി.എം തളിപ്പറമ്പ് ഏരിയാ കമ്മിറ്റി പ്രസ്താവനയിൽ അറിയിച്ചു. ജില്ലാ സെക്രട്ടറി പി. ജയരാജൻ വ്യക്തിപരമായി യാതൊരു നീക്കവും കീഴാറ്റൂരിൽ നടത്തിയിട്ടില്ല. വിശദമായ ചർച്ചകൾക്ക് ശേഷം എടുത്ത തീരുമാനങ്ങളാണ് അദ്ദേഹം നടപ്പിലാക്കുന്നത്. പാർട്ടിയുമായി അഭിപ്രായ വ്യത്യാസമുള്ളവരെ സംഘടനയിലേക്ക് തിരിച്ചുകൊണ്ടുവരികയെന്നത് എക്കാലത്തും പാർട്ടിയുടെ നയമാണ്. ഇതുതന്നെയാണ് ജില്ലാ സെക്രട്ടറി കീഴാറ്റൂർ വിഷയത്തിൽ കൈക്കൊണ്ടതും. ഇതിൽ അഭിപ്രായ വ്യത്യാസം ഉണ്ടെന്നും ബ്രാഞ്ച് സെക്രട്ടറിമാർ രാജിസന്നദ്ധത അറിയിച്ചുവെന്നും തരത്തിലുള്ള വാർത്തകൾ ശരിയല്ലെന്നും ഏരിയാ കമ്മിറ്റി പ്രസ്താവനയിൽ അറിയിച്ചു.


**സ്വർണ്ണം ഇന്നത്തെ വില**

ഗ്രാമിന്: 2,895
പവന് :23,160

പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237


## തട്ടുകടക്കാർക്കെതിരെ കേസെടുത്തു

തളിപ്പറമ്പ: കുഴൽ കിണർ ജോലിക്കാരുടെ വാഹനം തടഞ്ഞ് ജീവനക്കാരെ അക്രമിച്ചതിന് തട്ടുകട ജീവനക്കാരുടെ പേരിൽ തളിപ്പറമ്പ പോലീസ് കേസെടുത്തു. കുഴൽ കിണർ ജോലിക്കാരൻ സന്തോഷിന്റെ പരാതിയിലാണ് കേസെടുത്തത്. നാടുകാണി തെറ്റ് റോഡിലെ തട്ടുകടക്കാരെ വധിക്കാൻ ശ്രമിച്ചതിന് സന്തോഷിനെ സംഭവ സ്ഥലത്ത് നിന്നും പോലീസ് പിടികൂടിയിരുന്നു. പിടികൂടുമ്പോൾ സന്തോഷിന് തട്ടുകടക്കാരുടെ മർദനത്തിൽ പരിക്കേറ്റിരുന്നു. ഇതുസംബന്ധിച്ച് പരാതി നൽകിയതിനെ തുടർന്നാണ് കേസെടുത്തത്.

## വ്യാജരേഖ ചമച്ച് സ്വത്ത് തട്ടിയെടുക്കാൻ ശ്രമിച്ചതായി പരാതി

കണ്ണൂർ: വ്യാജരേഖ ചമച്ച് സ്വത്ത് തട്ടിയെടുക്കാൻ ശ്രമിച്ചതായി പരാതി. തളാപ്പിലെ കെ. രത്ന (58)യുടെ പരാതിയിൽ കാട്ടാമ്പള്ളി കോട്ടക്കുന്നിലെ പുളിയിലാണ്ടി മനോജി (36)നെതിരെ പോലീസ് കേസെടുത്തു.

രത്നയുടെ പേരിൽ പരിയാരം വില്ലേജിലെ പാട്ടയാടുള്ള ആറ് ഏക്കർ സ്ഥലം ചെങ്കൽ ഖനനം നടത്തുന്നതിനായി മനോജിന് കരാർ ചെയ്ത് നൽകിയിരുന്നു. പകുതി ലാഭവും ഭർത്താവിന്റെ ബാങ്ക് ബാധ്യതകളും തീർത്ത് നൽകാമെന്ന വ്യവസ്ഥയിലാണ് സ്ഥലം നൽകിയത്. തുടർന്ന് ചെങ്കൽ ഖനനം നടത്തുന്നതിനുള്ള യന്ത്രവും വാഹനങ്ങളും മനോജ് വാങ്ങിയിരുന്നു. എന്നാൽ പിന്നീട് ഇയാൾ വ്യാജരേഖ ചമച്ച് സ്വത്ത് കൈവശപ്പെടുത്തിയെന്നാണ് പരാതി. ടൗൺ പോലീസ് അന്വേഷണം ആരംഭിച്ചു.

## ഉറക്കത്തിനിടെ ഹൃദയാഘാതം; യുവാവ് മരിച്ചു



ആലക്കോട്: ജോലി സ്ഥലത്തെ മുറിയിൽ ഉറക്കത്തിനിടെ യുവാവ് മരിച്ചു. കാർത്തികപുരം എരുത്താമടയിലെ പൂവത്തിങ്കൽ ജോസഫ്-മേരി ദമ്പതികളുടെ മകൻ ബൈജു (34) വാണ് മരിച്ചത്. മട്ടന്നൂർ ചാലോട് പനയത്താംപറമ്പ് മുടക്കണ്ടിയിലെ ബ്രദേഴ്സ് സ്റ്റോൺ ക്രഷറിൽ മെഷീൻ ഓപ്പറേറ്ററായിരുന്ന ബൈജു പത്ത് വർഷമായി ഇവിടെ ജോലി ചെയ്തുവരികയായിരുന്നു. ഇന്ന് പുലർച്ചെ രണ്ട് മണിയോടെ ജോലി സ്ഥലത്തെ മുറിയിൽ അവശനിലയിൽ കാണപ്പെട്ട ബിജുവിനെ കൂടെയുണ്ടായിരുന്ന സഹപ്രവർത്തകർ ഉടൻ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഉറക്കത്തിനിടെയുണ്ടായ ഹൃദയാഘാതമാണ് മരണകാരണമെന്ന് സംശയിക്കുന്നു. മൃതദേഹം പോസ്റ്റുമോർട്ടത്തിനായി പരിയാരം മെഡി. കോളേജിലേക്ക് മാറ്റി. വിവരമറിഞ്ഞ് ബന്ധുക്കൾ കാർത്തികപുരത്ത് നിന്ന് ആശുപത്രിയിലെത്തിയിട്ടുണ്ട്. അവിവാഹിതനാണ്. സഹോദരങ്ങൾ: ബിജു, മനോജ്, സലജ, ശ്രീജ. സംസ്കാരം നാളെ രാവിലെ 9 മണിക്ക് കാർത്തികപുരം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

## യുവതിയെ ഉടുമുണ്ട് പൊക്കിക്കാണിച്ചു; മധ്യവയസ്ക്കൻ അറസ്റ്റിൽ

പെരിങ്ങോം: യുവതിയെ ഉടുമുണ്ട് പൊക്കിക്കാണിച്ചതിന് മധ്യവയസ്ക്കനെ പെരിങ്ങോം പോലീസ് അറസ്റ്റ് ചെയ്തു. കാങ്കോലിലെ രാഘവൻ (59) ആണ് പിടിയിലായത്. മിനിഞ്ഞാന്ന് സന്ധ്യക്ക് വീട്ടിലേക്ക് നടന്നു പോകുകയായിരുന്ന ഇയാൾ വീടിനടുത്ത മറ്റൊരു വീടിന് മുന്നിലെത്തിയപ്പോൾ അവിടത്തെ യുവതിയെ ഉടുമുണ്ട് പൊക്കിക്കാണിച്ചുവെന്നാണ് പരാതി. യുവതി നൽകിയ പരാതിയെ തുടർന്നാണ് അറസ്റ്റ്.

## വീടിറങ്ങിയെ ഭർതൃമതിയെ ഗുരുവായൂരിൽ കണ്ടെത്തി

തളിപ്പറമ്പ: വീട് വിട്ടിറങ്ങിയ ഭർതൃമതിയെ സൈബർ സെല്ലിന്റെ സഹായത്തോടെ തളിപ്പറമ്പ പോലീസ് ഗുരുവായൂരിൽ നിന്ന് കണ്ടെത്തി. ആലത്തട്ടിലെ യുവാവിന്റെ ഭാര്യയെയാണ് ഇന്നലെ മുതൽ കാണാതായത്. നാട്ടുകാണിയിലാണ് ഇവർ താമസിക്കുന്നത്. ഭർത്താവിന്റെ പരാതി ലഭിച്ച ഉടൻ തളിപ്പറമ്പ പ്രിൻസിപ്പൽ എസ്.ഐ നടത്തിയ അന്വേഷണത്തിൽ ഇവർ ഗുരുവായൂരിലുണ്ടെന്ന് കണ്ടെത്തുകയായിരുന്നു.

## കരുവഞ്ചാൽ മാവേലി സ്റ്റോർ; നടുവിൽ പഞ്ചായത്ത് യോഗത്തിൽ നിന്ന് പ്രതിപക്ഷം ഇറങ്ങിപ്പോയി

ആലക്കോട്: കരുവഞ്ചാൽ ടൗണിൽ സർക്കാർ അനുവദിച്ച മാവേലി സ്റ്റോർ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് നടുവിൽ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ നിന്ന് പ്രതിപക്ഷ അംഗങ്ങൾ ഇറങ്ങിപ്പോക്ക് നടത്തി. ഇന്നലെ നടന്ന യോഗത്തിൽ നിന്നാണ് പ്രതിപക്ഷത്തെ സി.പി.എം അംഗങ്ങളായ കെ.പി. മൊയ്തീൻ, എം.എം. ഷനീഷ്, ടി.ഡി. ബാബു, കെ.ജി. ഓമന ടീച്ചർ, ഷീബ ജയരാജൻ, ഷൈനി തോമസ് എന്നിവർ ഇറങ്ങിപ്പോയത്. കരുവഞ്ചാൽ മാവേലി സ്റ്റോർ വിഷയം പഞ്ചായത്ത് ബോർഡ് യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം ഇറങ്ങിപ്പോക്ക് നടത്തിയത്. സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി കഴിഞ്ഞ ജനുവരിയിലാണ് കരുവഞ്ചാലിൽ മാവേലി സ്റ്റോർ അനുവദിച്ച് ഉത്തരവിട്ടിരുന്നത്. കെട്ടിടമുൾപ്പെടെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കേണ്ടത് പഞ്ചായത്താണ്. ഇതിന് ഫണ്ടില്ലെന്നാണ് പഞ്ചായത്തിന്റെ വാദം. ഇത് കൊണ്ടാണത്രെ വിഷയം ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്തത്. നേരത്തെ നടന്ന രണ്ട് ബോർഡ് യോഗങ്ങളിൽ വിഷയം പിന്നീട് ചർച്ച ചെയ്യാമെന്ന് പറഞ്ഞ് മാറ്റിയതാണെന്നും എന്നാൽ പഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെയുള്ളവർ നിഷേധ നിലപാട് സ്വീകരിക്കുകയാണെന്നാണ് പ്രതിപക്ഷ ആരോപണം. ഇതിനെതിരെ സമരം ശക്തമാക്കാനാണ് ഇവരുടെ തീരുമാനം.

## യുവതിയെ മാനഭംഗം ചെയ്യാൻ ശ്രമിച്ച യുവാവിനെതിരെ കേസ്

തളിപ്പറമ്പ: വാടക ക്വാർട്ടേർസിൽ താമസിക്കുന്ന യുവതിയെ ആളില്ലാത്ത നേരത്ത് മുറിയിൽ കയറി മാനഭംഗം ചെയ്യാൻ ശ്രമിച്ച യുവാവിനെതിരെ തളിപ്പറമ്പ പോലീസ് കേസെടുത്തു. പുളിമ്പറമ്പിലെ ഗോകുലി(24)നെതിരെയാണ് തളിപ്പറമ്പ പോലീസ് കേസെടുത്തത്. ഏപ്രിൽ പത്തിനാണ് കേസിനാസ്പദമായ സംഭവം നടന്നത്. അന്ന് നാട്ടുകാർ ഇടപെട്ട് പ്രശ്നം പറഞ്ഞ് തീർത്തതായിരുന്നു. ഇതിന് ശേഷം യുവതി വിളിച്ചിട്ടാണ് താൻ മുറിയിലെത്തിയതെന്ന രീതിയിൽ അപവാദ പ്രചരണം നടത്തിയതോടെയാണ് പോലീസിൽ പരാതി നൽകിയത്.

## ചരമം



**ഓമന**

തളിപ്പറമ്പ: കരിമ്പം കണിച്ചാമൽ ആലയിൽ പടിക്ക് സമീപത്തെ കാക്കാമണി ഓമന (62) നിര്യാതയായി. ഭർത്താവ്: പരേതനായ കുഞ്ഞിക്കണ്ണൻ. മക്കൾ: ഷാജി, ജ്യോതിഷ്, ചിത്ര. മരുമക്കൾ: പ്രിയ (കുറ്റൂർ), ഷൈമ (കരിമ്പം), പ്രശാന്ത് (കണ്ണപുരം). സഹോദരങ്ങൾ: നാരായണൻ (കല്യാശേരി), ബാലകൃഷ്ണൻ (കരിമ്പം), രവീന്ദ്രൻ (അരിമ്പ്ര), പ്രേമവല്ലി (പുഴക്കുളങ്ങര), ലക്ഷ്മി (മോറാഴ), നളിനി (ചവനപ്പുഴ).



**മറിയം**

പയ്യാവൂർ: കുടിയേറ്റ കർഷകൻ പൈസക്കരിയിലെ പരേതനായ തേക്കുംകാട്ടിൽ തോമസിന്റെ ഭാര്യ ചെമ്പേരി പൂന്നത്താനത്ത് കുടുംബാംഗം മറിയം (94) നിര്യാതയായി. മക്കൾ: ജെയിംസ്, ഫാ. ഫ്രാൻസീസ് തേക്കുംകാട്ടിൽ സി.എസ്.ടി (കാനഡ), സിസ്റ്റർ ജോവാന (ഡി.എസ്.എസ്- പട്ടുവം), മേരി, സെലിൻ (അധ്യാപിക സെന്റ് അഗസ്റ്റിൻസ് സ്കൂൾ കോഴിച്ചാൽ), പരേതനായ പോൾ. മരുമക്കൾ: മേരി വഴക്കുഴ (ചെമ്പേരി), കുട്ടിയച്ചൻ മൂലയിൽ (വള്ളിത്തോട്), മേരി കൈതപ്പറമ്പിൽ (നെല്ലിക്കുറ്റി), പരേതനായ അലക്സ് ചെറുകരക്കുന്നേൽ (തേർത്തല്ലി). സംസ്കാരം വെള്ളിയാഴ്ച രാവിലെ പത്തിന് പൈസക്കരി ദേവമാതാ ഫൊറോന പള്ളിയിൽ.



**സിസ്റ്റർ മംഗളം**

തളിപ്പറമ്പ: പട്ടുവം ദീനസേവന സഭയുടെ അമല പ്രോവിൻസ് അംഗമായ സിസ്റ്റർ മംഗളം ഡി.എസ്.എസ് (69) നിര്യാതയായി. പാലാ രൂപത, മന്നക്കനാട് ഇടവകയിൽ മുണ്ടപ്പള്ളി പരേതരായ ജോൺ-അന്നമ്മ ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ: മോളി, ചിന്നമ്മ, സിസ്റ്റർ സൂനം, സെലിൻ, ഫാ. ഫ്രാൻസിസ്, ടോമി, ജോഷി. സംസ്കാരം ഇന്ന് വൈകുന്നേരം നാലിന് കണ്ണൂർ രൂപതാ ബിഷപ്പ് ഡോ. അലക്സ് വടക്കുംതലയുടെ മുഖ്യകാർമ്മികത്വത്തിൽ പട്ടുവം സ്നേഹനികേതൻ ആശ്രമ ചാപ്പലിൽ നടക്കും.



**ചാത്തുക്കുട്ടിനായർ**

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം ഹൈസ്കൂൾ റിട്ട. അധ്യാപകൻ നിടുവാലൂരിലെ കിഴക്കേമൈലാട്ട് ചാത്തുക്കുട്ടിനായർ (82) നിര്യാതനായി. ഭാര്യ: പാർവ്വതിയമ്മ. മക്കൾ: അജിത(അധ്യാപിക, ചിന്മയവിദ്യാലയം, തളിപ്പറമ്പ), ലത (നണിയൂർ), അഡ്വ. ജയദേവൻ (തളിപ്പറമ്പബാർ). മരുമക്കൾ: അഡ്വ. എം.വി. നാരായണൻ (തളിപ്പറമ്പബാർ), കെ. രാമകൃഷ്ണൻ (ഹെഡ്മാസ്റ്റർ, കമ്പിൽ എൽ.പി സ്കൂൾ, സി.പി.ഐ കൊളച്ചേരി ലോക്കൽ കമ്മിറ്റിയംഗം), പ്രവീണ (മുള്ളൂൽ). സഹോദരങ്ങൾ: കെ.എം. കുഞ്ഞിരാമൻ നായർ, കുഞ്ഞികൃഷ്ണൻ, തങ്കമണി, നളിനി, പരേതയായ സരോജിനി.

## റിമാന്റ് പ്രതി നിരാഹാരത്തിൽ

കണ്ണൂർ: കണ്ണൂർ സെൻട്രൽ ജയിലിലെ റിമാന്റിൽ കഴിയുന്ന പത്തനംതിട്ട പുല്ലൂപ്പറമ്പ് താമസക്കാരനുമായ തടവളപ്പിൽ വിനോദ് ചന്ദ്രൻ (40) ജില്ലാ ആശുപത്രി തടവുകാരുടെ വാർഡിൽ നിരാഹാരത്തിൽ. 2017ൽ പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തെ ഹോട്ടൽ തൊഴിലാളി ശ്രീധരനെ കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ്. ഭാര്യയെയും മക്കളെയും കാണണമെന്ന് ആവശ്യപ്പെട്ടാണ് സമരം.


AWI wooden frames
34 YEARS OF EXPERIENCE

ടെൻഷൻ ഒഴിവാക്കൂ..!!
READYMADE
കട്ടിള
ജനൽ

| ഗ്രിൽസ് ആശാരിക്കൂലി ഉൾപ്പെടെ | ആഞ്ഞിലി പ്ലാവ് | വിദേശ വീട്ടി | വിദേശ ഇരൂൾ | |
|---|---|---|---|---|
| കട്ടിള | 3800 | 4500 | 5240 | മുതൽ |
| 3 പാളി ജനൽ | 9200 | 10850 | 11420 | മുതൽ |
| 2 പാളി ജനൽ | 6500 | 7700 | 8150 | മുതൽ |

തടിമരം വാങ്ങുന്ന മുടക്ക് വേണ്ട ഗ്രിൽസ് അടക്കം റെഡിമെയ്ഡ് കട്ടിള, ജനലുകൾ സ്വന്തമാക്കാൻ

ആയിഷ വുഡ്
IMPORTS & EXPORTS
N.H. പിലാത്തറ, പയ്യന്നൂർ
N.H. ഏഴാംമൈൽ, തളിപ്പറമ്പ
N.H. ഐങ്ങോത്ത്, കാഞ്ഞങ്ങാട്
9847808929
e-mail: ayshawoodstrading@rocketmail.com
ayshawoods web: www.ayshawoods.com

ലിറ്റിൽ ഫ്ളവർ സീനിയർ സെക്കണ്ടറി സ്കൂൾ [CBSE]
കരുവഞ്ചാൽ
ആവശ്യമുണ്ട്
സ്കൂളിലേക്ക് പി.ടി ടീച്ചറെ ആവശ്യമുണ്ട്. പരിചയ സമ്പന്നർക്ക് മുൻഗണന. ബയോഡാറ്റ സഹിതം ബന്ധപ്പെടുക.
Ph: 8281706554

AL MAQAR
HIGHER SECONDARY SCHOOL(scole)
Darul aman, Nadukani, Taliparamba
9188 697 851, 9947 687 333
+1 കോമേഴ്സ് ഹ്യുമാനിറ്റീസ്
Arts College
DEGREE B.Com
(KANNUR UNIVERSITY DISTANCE EDUCATION)
ബാച്ചുകളിലേക്ക് അഡ്മിഷൻ
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക കാമ്പസ്
- ഇസ്ലാമിക് സ്റ്റഡീസ്
- ഹോസ്റ്റൽ, വെഹിക്കിൾ ഫെസിലിറ്റീസ്
- എൻട്രൻസ് ഫൗണ്ടേഷൻ കോച്ചിംഗ്

ജി.എസ്.ടി
ഞങ്ങളിലൂടെ കറക്ട് ഫയൽ ചെയ്യൂ ഭാവി ടെൻഷൻ ഒഴിവാക്കൂ...
മികച്ച CA ഓഡിറ്റിംഗ് സേവനം
1. ജി.എസ്.ടി രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്
2. ഇൻകം ടാക്സ് റിട്ടേൺ
3. ബിസിനസ്സ് അക്കൗണ്ടിംഗ്
നിങ്ങൾ ആഗ്രഹിക്കുന്ന സേവനം, ഞങ്ങൾ നൽകുന്ന വാഗ്ദാനം
THE PERFECT
ACCOUNTING & TAX CONSULTING CENTRE
Reg. No. STP/05/2012
PUTHIYARAKKAL BUILDING, POOVAM, TALIPARAMBA
PH: 9847500567, 0460 2226089


Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. ?? RNI Reg.No.KER MAL/2007/22043